# കലയും ആധുനികീകരണവും കൂടിയാട്ടം മുൻനിർത്തി ചില ചിന്തകൾ

**ഡോ. ദേവി കെ വർമ**
അസി പ്രൊഫസർ, എസ്. ഡി കോളേജ്, ആലപ്പുഴ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയ്ക്കുശേഷം കേരളീയ ഭാവുകത്വത്തെ നിയന്ത്രിച്ച സാംസ്കാരികപ്രക്രിയയായിട്ടാണ് ആധുനികതയെ മനസ്സിലാക്കുക. കോളനീകരണം, ദേശീയത, നവോത്ഥാനം തുടങ്ങി പല കാലങ്ങളിലായി പടർന്നുകിടക്കുന്ന ദേശരാഷ്ട്രപരമോ വിനിമയപരമോ രാഷ്ട്രീയമോ ആയ 'ബോധ്യ'ങ്ങളുടെ നിർമിതിയുടെ കൂടി കാലമാണ് കേരളത്തിൽ ആധുനികത. സുവർണഭൂതകാല നിർമിതിയെന്ന ചരിത്രപരിശ്രമത്തിന്റെയും സാംസ്കാരിക ദ്വന്ദ്വങ്ങളെ വിവേചിച്ചുറപ്പിക്കലിന്റെയും ഫലമായി കലാരൂപങ്ങൾ, കൃതികൾ, വസ്ത്രം, പാർപ്പിടം, ഭക്ഷണം തുടങ്ങി നിരവധി ബിംബങ്ങൾ കേരളീയതയുടെ ചിഹ്നരൂപങ്ങളോ ദേശീയതയുടെ അദൃശ്യാഭിമാനങ്ങളോ ആയി ഉറപ്പിക്കപ്പെട്ടു. എന്നാൽ ആധുനികതയുടെ ഈ പരിശ്രമങ്ങൾ പുറത്ത് നടക്കുമ്പോഴും ക്ഷേത്രമതിൽക്കെട്ടിനകത്ത് അടിയന്തിരങ്ങളോ വഴിപാടുകളോ അവതരണങ്ങളോ ആയി നിലനിന്നുപോന്ന കൂടിയാട്ടം എന്ന ക്ലാസ്സിക്കൽ കലയെ മുൻനിർത്തിയാണ് ഇവിടെ കലയിലെ ആധുനികതാപരമായ ചലനങ്ങളെക്കുറിച്ച് ചില ആലോചനകൾ രൂപപ്പെടുത്തുന്നത്. കൂടിയാട്ടത്തിന്റെ ഘടന, ചരിത്രം, അവതരണ ഭാഗങ്ങൾ തുടങ്ങിയ സാങ്കേതികതകളിലല്ല; കഴിഞ്ഞ നൂറ്റാണ്ടിലെ ഈ കലാരൂപത്തിന്റെ സാമൂഹികജീവിതത്തിലാണ് പ്രബന്ധം ഊന്നുന്നത്.

സംസ്കൃത നാടകപാഠത്തെ അവലംബിച്ച് ചിട്ടചെയ്തിട്ടുള്ള രംഗകലയാണ് കൂടിയാട്ടം. കേരളത്തിന്റെ അവതരണ പാരമ്പര്യത്തിൽ പ്രാചീനത കൊണ്ടും ക്ഷേത്രകല, സമുദായകല തുടങ്ങിയ വിവക്ഷകൾ

കൊണ്ടും ക്ലാസിക്കൽ/വരേണ്യ ഭൂതകാലത്തിൽ നിർത്തിയുള്ള ആലോചനകൾക്ക് കൂടിയാട്ടം വിഷയമായിട്ടുണ്ട്. കൂടിയാട്ടത്തിന്റെ രൂപപ്പെടലിന്റെയും പരിണാമത്തിന്റെയും വഴികൾ ഗവേഷണാത്മകമായും ചരിത്രപഠന കൗതുകത്തോടെയും കണ്ടെത്താൻ ശ്രമിച്ച ലേഖനങ്ങളും ഗ്രന്ഥങ്ങളും മലയാളത്തിലും ഇംഗ്ലീഷിലും ഉണ്ടായിട്ടുണ്ട്. ചിലപ്പതികാരത്തിലെ കൂത്തച്ചാക്കൈയന്റെ പരാമർശവും മഹോദയപുരം വാണ കുലശേഖര ചക്രവർത്തി രചിച്ച നാടകങ്ങളും അവതരണ - വ്യാഖ്യാനസൂചനകളടങ്ങുന്ന 'വ്യംഗ്യവ്യാഖ്യാ'യും ചെല്ലൂർ പാരമ്പര്യവും ബന്ധപ്പെടുത്തിക്കൊണ്ട്, സംഘകാലം മുതൽ കുലശേഖരന്മാരുടെ കാലംവരെയുള്ള വളരെ രേഖീയമായൊരു ചരിത്രനിർമിതി പല കാലങ്ങളിലായുള്ള അന്വേഷണങ്ങളിൽ രേഖപ്പെട്ടു കാണുന്നു. എന്നാൽ കുലശേഖരന്മാരുടെ കാലത്തോ അതിനുശേഷമോ കേരളത്തിൽ പ്രബലമായിത്തീരുന്ന ക്ഷേത്രസംസ്കാരത്തിന്റെ ഭാഗമായി കേരളക്ഷേത്രങ്ങളിൽ നിർമിക്കപ്പെട്ട കൂത്തമ്പലങ്ങളി(Temple Theatres) ലാണ് ക്ഷേത്രകല എന്നനിലയിൽ ചാക്യാർ-നമ്പ്യാർ സമുദായങ്ങൾ കൂടിയാട്ടവും അനുബന്ധകലകളും അടുത്തകാലംവരെ അവതരിപ്പിച്ചുപോന്നത്. ഇത്തരത്തിലൊരു ചരിത്ര ജീവിതമുള്ള, ക്ലാസിക്കൽ മാനമുള്ള ഒരു കല,കേരളീയ ആധുനികതയോട് എങ്ങനെയാണ് ഇടപെട്ടതെന്ന ആലോചനയാണ് ഈ പ്രബന്ധം മുന്നോട്ടുവെയ്ക്കുന്നത്.

ആധുനികതയുടെ ശീലങ്ങളോട് താരതമ്യേന വൈകി മാത്രം പ്രതികരിച്ച കലയാണ് കൂടിയാട്ടം. ഭാഷയുടെ–ഭാഷയിലൂടെ സാഹിത്യത്തിന്റെ–മാനകീകരണം, സാഹിത്യ-കലാ സ്ഥാപനങ്ങൾ, ആധുനിക ദേശീയതയുടെ ചിഹ്നനിർമിതി തുടങ്ങിയ പ്രക്രിയകളെ ഒരു കലാരൂപം എന്നനിലയിൽ കൂടിയാട്ടം അഭിസംബോധനചെയ്യുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. ആയിരത്തി തൊള്ളായിരത്തിന്റെ ആദ്യ ദശകങ്ങളിൽ ഭാഷാപോഷിണി സഭയുടെയും സമസ്തകേരള സാഹിത്യ പരിഷത്തിന്റെയും മറ്റും രൂപപ്പെടൽ, കേരള/മലയാളിദേശീയതയെ സവിശേഷമായി നിർവചിക്കാൻ ശ്രമിച്ചുകൊണ്ടും വിഭാവന ചെയ്തു കൊണ്ടുമാണ്. കേരളം ഒരൊറ്റ ദേശീയതയും മലയാളം മാനകവുമാകേണ്ടതിന്റെ ആവശ്യകതയെ ഇത്തരം പ്രസ്ഥാനങ്ങൾ മുന്നോട്ടുവയ്ക്കുന്നു. "കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ" എന്നാഹ്വാനം ചെയ്ത വള്ളത്തോൾ തന്നെയാണ് കേരളീയ കലകളുടെ പഠനത്തിനൊരു സ്ഥാപനം എന്ന ലക്ഷ്യത്തോടെ 1930-ൽ കേരള കലാമണ്ഡലം സ്ഥാപിക്കുന്നത്. കേരളീയ കല എന്തായിരിക്കണമെന്ന് പ്രൊഫ. കെ.പി. നാരായണ പിഷാരോടി തന്റെ കലാലോകത്തിൽ

എഴുതുന്നത് ഇങ്ങനെയാണ്: "ഒന്നാമത്, ഇവയെക്കല്ലാം കേരളത്തിൽ സാർവത്രിക പ്രചാരമുണ്ട്. മറ്റു കലകളെല്ലാം പ്രാദേശിക പ്രാധാന്യം മാത്രമുള്ളവയാണ്. ചിലദിക്കിൽ മാത്രം പ്രചാരമുള്ള കലകളെ എത്രത്തന്നെ വിവരിച്ചാലും അവയുടെ സ്വഭാവം വായനക്കാർക്ക് അനുഭവപ്പെടാൻ നന്നേ വിഷമമുണ്ട്. രണ്ടാമത്, ഉത്തമമായ സാഹിത്യ കൃതികളുടെ പിൻബലം മേൽക്കാണിച്ച കലകൾക്കു മാത്രമാണ്." (1960; 39). അതായത് കേരളമൊട്ടുക്ക് പ്രചാരമുള്ളതും ഉത്തമ സാഹിത്യത്തിന്റെ പിൻബലമുള്ളതുമായ കലകളാണ് കേരളീയകലകൾ എന്നത് നവോത്ഥാന ആധുനികത ഉയർത്തിപ്പിടിച്ച വിശ്വാസമായിരുന്നു. കേരള കലാമണ്ഡലത്തിലെ 'കേരള'വും 'കേരളകല'യും അതുകൊണ്ടു തന്നെ സവിശേഷ ശ്രദ്ധയർഹിക്കുന്നു. കേരളദേശീയതയുടെ എക്കാലത്തെയും ചിഹ്നരൂപമായിമാറിപ്പോയ കഥകളി കലാമണ്ഡലത്തിൽ പഠനവിഷയമായപ്പോഴും പിന്നെയും മൂന്നുപതിറ്റാണ്ടിനുശേഷം, 1965-ലാണ് കൂടിയാട്ട വിഭാഗം കലാമണ്ഡലത്തിൽ ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ, കൂടിയാട്ടത്തിന്റെ ആധുനികീകരണ പ്രക്രിയയുടെ പശ്ചാത്തലത്തിൽ അവതാരകർക്കും അവതരണ സ്ഥലത്തിനും വലിയ പ്രാധാന്യമുണ്ട്.

കേരളക്ഷേത്രങ്ങളിൽ ഇന്നുകാണുന്ന കൂത്തമ്പലങ്ങൾ എ.ഡി. 14-18 നൂറ്റാണ്ടുകളിൽ നിർമിക്കപ്പെട്ടവയാണെന്ന് ഡോ.കെ ജി പൗലോസ് (1998, 22) പറയുന്നുണ്ട്. നാട്യമണ്ഡപത്തിന്റെ ലക്ഷണം നാട്യശാസ്ത്രത്തിൽ വിശദീകരിക്കുന്നുണ്ടെന്നും കേരളത്തിലെ കൂത്തമ്പലങ്ങൾ അപ്രകാരം നിർമിക്കപ്പെട്ടതാണെന്നും കെ.പി. നാരായണ പിഷാരോടി ചൂണ്ടിക്കാട്ടുന്നു (2002; 43,44). എന്നാൽ നാട്യശാസ്ത്രവിധികളോട് കൂത്തമ്പലനിർമിതി പൊരുത്തപ്പെടുന്നില്ലെന്നും കേരളീയ വാസ്തു ഗ്രന്ഥങ്ങളായ തന്ത്രസമുച്ചയവും (എ.ഡി.15), ശില്പരത്നവു(എ.ഡി.16)മാണ് മാനദണ്ഡമാക്കിയിരിക്കുന്നതെന്നും വേണുജി (2005, 180) അഭിപ്രായപ്പെടുന്നു. കൂത്തമ്പലത്തിൽ സാധ്യമാകുന്ന വായുപ്രവാഹത്തിന്റെയും ശബ്ദവിന്യാസത്തിന്റെയും സവിശേഷതകളെയും, അവതരണത്തിലും ആസ്വാദനത്തിലും ഈ ഘടന ചെലുത്തുന്ന സ്വാധീനതയെയും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലം വരെ കൂടിയാട്ടം ഒരു ക്ഷേത്രകല മാത്രമായി നിലനിന്നതുകൊണ്ട് അന്ന് ക്ഷേത്രത്തിനുപുറത്ത് കൂത്തമ്പലങ്ങൾ നിർമിക്കപ്പെട്ടുമില്ല; കൂടിയാട്ടം അവതരിപ്പിക്കപ്പെട്ടുമില്ല.

തൊഴിൽ-സമുദായ ബന്ധത്തെ ചേരുംപടിചേർക്കുന്ന ഒരു

സാമൂഹികവ്യവസ്ഥിതിയിൽ ക്ഷേത്രത്തിൽ ആട്ടക ചാക്യാരുടെ കുലത്തൊഴിലും ജീവിതവൃത്തിയും ആയിരുന്നു. ഒരു സമുദായം ക്ഷേത്ര മതില്ക്കകത്തെ കൂത്തമ്പലത്തിൽ മാത്രം അവതരിപ്പിച്ചിരുന്ന കൂടിയാട്ടം 1956-ൽ ആദ്യമായി ക്ഷേത്രത്തിനു പുറത്ത് അവതരിപ്പിച്ചത് ഈ കലയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്[1]. തുടർന്ന് 1965-ൽ കലാമണ്ഡലത്തിൽ,പൈങ്കുളം രാമച്ചാക്യാരുടെ അധ്യക്ഷതയിൽ കൂടിയാട്ടവിഭാഗം തുടങ്ങിയതാണ് ആധുനികീകരണത്തിലെ രണ്ടാമത്തെ ചുവട്[2]. പരമ്പരാഗത അഭ്യസന രീതിയിൽനിന്ന് സ്ഥാപനകേന്ദ്രിതവും ഔദ്യോഗിക/ഔപചാരിക ചട്ടക്കൂടിനനുസൃതവുമായ ഒരു ചിട്ടവട്ടത്തിലേയ്ക്ക് കൂടിയാട്ടപഠനം പരുവപ്പെടുന്നത് ഈ സാഹചര്യത്തിലാണ്. ഇതര സമുദായക്കാർ കൂടി ചെറിയതോതിൽ കൂടിയാട്ട പഠനത്തിനെത്തുക, ഔപചാരിക വിദ്യാഭ്യാസത്തിന്റെ സമയക്രമം പാലിച്ചുകൊണ്ടുള്ള പാഠ്യപദ്ധതി നിലവിൽ വരിക തുടങ്ങി ആധുനികത ആവശ്യപ്പെടുന്ന ചില മാറ്റങ്ങൾ കൂടിയാട്ടത്തിൽ സംഭവിച്ച കാലഘട്ടമാണത്. കലാപഠനത്തിനും അവതരണത്തിനും ജാത്യേതരമായ പൊതു ഇടങ്ങളെ വാഗ്ദാനം ചെയ്യുകയാണ് ഒരർത്ഥത്തിൽ കലാമണ്ഡലം ചെയ്തത്. ആധുനികതയുടെ സമയബോധത്തിനും സൗന്ദര്യബോധത്തിനും ഇണങ്ങുന്ന ചില മാറ്റങ്ങൾ—സമയക്രമം പാലിച്ച് എഡിറ്റ് ചെയ്ത് അവതരിപ്പിക്കുക, അതിലൂടെ ലഭിക്കുന്ന നാടകീയത വർദ്ധിച്ച സംവേദനം, വേഷത്തിന്റെ സൗന്ദര്യവത്ക്കരണം തുടങ്ങിയവ—കൂടിയാട്ടത്തിന്റെ ഘടനയെത്തന്നെ സവിശേഷമായി പുതുക്കി. കലാപഠനത്തിന് സ്ഥാപനങ്ങൾ ഉണ്ടായതും അവതരണത്തിന് പൊതുവേദി ലഭിച്ചതും അവതാരക/ആസ്വാദക സമൂഹത്തിൽവന്ന വൈവിധ്യവും അനുഷ്ഠാനത്തെ അവതരണമായി തിരിച്ചറിയാൻ കാരണമായി. കുലത്തൊഴിലായിരുന്ന ഒരു ദൃശ്യകലയ്ക്ക് കലാരൂപം എന്ന സ്വത്വപരിഗണന സാധ്യമാക്കിയതിൽ ആധുനികതയ്ക്ക് വലിയ പങ്കുണ്ട്.

കൂടിയാട്ടാവതരണത്തിനു വേണ്ടി രൂപകല്പന ചെയ്യപ്പെട്ട കൂത്തമ്പലത്തിന്റെ ഘടനയിൽനിന്ന് ആധുനികതയുടെ രംഗവേദിയിലേക്കയാണ് ഈ കല ചുവടുമാറ്റം നടത്തിയത്. കേരള കലാമണ്ഡലത്തിലും വൈലോപ്പിള്ളി സംസ്കൃതി ഭവനിലും (ക്ഷേത്രാങ്കണത്തിനു പുറത്ത് ) നിർമ്മിക്കപ്പെട്ട കൂത്തമ്പലങ്ങൾ വിസ്മരിക്കുന്നില്ല. എങ്കിലും പാശ്ചാത്യ നാടകവേദിയുടെ സ്വാധീനത്തിൽ രൂപകല്പന ചെയ്യപ്പെട്ട പ്രൊസീനിയം തിയേറ്ററുകൾ ക്രമേണ കൂടിയാട്ടത്തിന്റെ സ്വാഭാവിക അരങ്ങുകളാകുന്നു. മൂന്നുവശവും അടഞ്ഞതും ഉയർന്നതുമായ രംഗവേദിയിൽ സംഭവിക്കുന്ന, കാഴ്ച-കാണി അകലം ഒരു ക്ലാസിക്കൽ

കലയുടെ ആസ്വാദനത്തെ തീർച്ചയായും പരിമിതപ്പെടുത്തി. 'കൂത്ത മ്പല'ത്തിന്റെ സാമൂഹിക പരിമിതിയെ ആധുനിക രംഗവേദിയിലൂടെ മറികടക്കുമ്പോഴും നേത്രാഭിനയവും സാത്വികാഭിനയവും പുലർത്തുന്ന സൂക്ഷ്മസംവേദനം പ്രേക്ഷകരിൽ നിന്നകന്ന രംഗവേദിയിൽ കാര്യക്ഷമ മാക്കാൻ പ്രയാസമാണ്. എന്നാൽ, കലാമണ്ഡലത്തിനുശേഷം, പില്ക്കാല കൂടിയാട്ട പഠനകേന്ദ്രങ്ങൾ അതത് കളരികളോട് ചേർന്ന് നിർമിച്ചിട്ടുള്ള പുതിയ അവതരണ സ്ഥലങ്ങൾ (performance spaces) സവിശേഷമായും കലയുടെ പ്രകടനശാസ്ത്രത്തിനും ആസ്വാദനത്തിന്റെ പ്രായോഗികതയ്ക്കും കൂടുതൽ ഊന്നൽ നല്കുന്നു. ലക്ഷണശാസ്ത്ര ഗ്രന്ഥങ്ങൾ അനുശാസി ക്കുന്ന അളവുകൾ ഇത്തരം അവതരണ സ്ഥലങ്ങളുടെ നിർമിതിയെ അമിതമായി നിയന്ത്രിക്കുന്നില്ല. കാര്യക്ഷമമായ സംവേദനമാണ് അവിടെ പരിഗണനാവിഷയം. നടനകൈരളി, നേപഥ്യ, അമ്മന്നൂർ ഗുരുകുലം, പൈങ്കുളം രാമച്ചാക്യാർ സ്മാരക കലാപീഠം തുടങ്ങി ഇന്ന് സജീവമായ പല കലാപഠനകേന്ദ്രങ്ങളും സവിശേഷമായ അവതരണ സ്ഥലങ്ങൾ കൂടിയാണ്.

അവതരണസ്ഥലത്തോടൊപ്പം കൂടിയാട്ടത്തിന്റെ ആധുനികീകരണ ത്തിൽ പ്രസക്തമാണ് അവതരണത്തിന്റെ ദൈർഘ്യവും കഥാഭാഗവും. ആട്ടപ്രകാരം ലഭ്യമല്ലാതിരുന്ന അഭിജ്ഞാന ശാകുന്തളവും വൈദേശിക സംസ്കാരത്തെ കൂടിയാട്ടത്തിന്റെ ചിട്ടയിൽ കൊണ്ടുവരാൻ ശ്രമിച്ചു കൊണ്ട് മാർഗി മധു ചിട്ടചെയ്ത മാക്ബത്ത് നാടകവുമെല്ലാം പുതിയ പരീക്ഷണങ്ങൾക്ക് ഉദാഹരണങ്ങളാണ്. ദ്രൗപദി, അഹല്യ തുടങ്ങിയ കഥാപാത്രങ്ങളിലൂടെ ആർഷ രാജനീതികളെ ചോദ്യംചെയ്യുന്ന, പൗരാണിക സ്ത്രീത്വത്തിന്റെ വിഹ്വലതകളും പ്രതിരോധവും പറയുന്ന, ഉഷാ നങ്ങ്യാർ സ്വത്വബോധത്തിന്റെ ഉടൽ ഭാഷ്യം ചമയ്ക്കുന്നു. കലയുടെ പരമ്പരാഗത മട്ട് കൈവിടാതെ സമൂഹത്തോട് സംവദിക്കുന്ന ആശയ ങ്ങളെ ഉൾച്ചേർക്കുകയെന്ന ശ്രമമാണ് സമകാലിക കലാപ്രവർത്തകർ ചെയ്തു കൊണ്ടിരിക്കുന്നത്. ആധുനികതയുടെ സമയബോധത്തെ നിർ ണയിച്ചതിൽ സിനിമ വഹിച്ച പങ്ക് ചെറുതല്ല. പലരാത്രികളിലായി പുറപ്പാട്, നിർവഹണം, കൂടിയാട്ടം അഥവാ നാടകഭാഗം എന്ന ക്രമ ത്തിൽ അവതരിപ്പിച്ചിരുന്ന ഈ ക്ലാസ്സിക്കൽ കല, ക്രമേണ താരത മ്യേന ദൈർഘ്യമേറിയ നിർവഹണഭാഗത്തെ ഒഴിവാക്കിക്കൊണ്ട്, കാഴ്ചയെ ആധുനികവത്കരിച്ചു. അവതരണം സൂക്ഷ്മമാകുംതോറും നാടകീയത കൂടുകയും ചെയ്യും. നാടകീയത നല്കുന്ന നേർസംവേദനമല്ല ക്ലാസ്സിക്കൽ കലയുടെ അവതരണശാസ്ത്രം എന്നിരിക്കെ പ്രേക്ഷകസമൂ ഹത്തിന്റെ മാറുന്ന കാഴ്ചശീലങ്ങളോട് കല/കലാപ്രവർത്തകർ നടത്തുന്ന

ഇഴക്കമായാണ് ഇത്തരം ഇടപെടലുകളെ മനസ്സിലാവുക. എന്നാൽ പകർന്നാട്ടം പോലുള്ള അഭിനയ സങ്കേതങ്ങളെ ഒഴിവാക്കേണ്ടി വരുമ്പോൾ അഭിനേതാക്കൾക്കത് ബുദ്ധിമുട്ടുണ്ടാക്കുന്നതായി മാർഗി മധു (2005; 74) അഭിപ്രായപ്പെടുന്നുണ്ട്. കൂടിയാട്ട പഠനകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു നടക്കുന്ന 'മുഴുവൻ അവതരണങ്ങൾ' നിർവഹണ ഭാഗങ്ങളെ വേദികളിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ ഓർമിപ്പിക്കുന്നു. ആധുനികതയുടെ സംവേദനശീലത്തിൽ ഒഴിവാക്കപ്പെട്ട കലാഘടകങ്ങളെ പില്ക്കാല അരങ്ങുകൾ സാമ്പ്രദായികമായിത്തന്നെ വീണ്ടെടുക്കാൻ ശ്രമിക്കുന്നതാണ് കൂടിയാട്ടത്തിലെ ആധുനികോത്തര കാഴ്ച.

യുനെസ്കോയുടെ പൈതൃകപട്ടികയിൽ ഇടംനേടുകയും സുദീർഘമായ അവതരണ ചരിത്രം അവകാശപ്പെടാനുണ്ടാവുകയും ചെയ്യുന്ന കൂടിയാട്ടം പോലൊരു രംഗകലയ്ക്ക് അതിന്റെ അവതാരകർ, കലാഘടകങ്ങൾ, ആസ്വാദകർ, അഭ്യസനം എന്നീ മേഖലകളിൽ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയ്ക്കു ശേഷമുണ്ടായ പരിണതികളെ വീണ്ടുവിചാരം ചെയ്യാനാണ് ശ്രമിച്ചത്. ജാതിവ്യവസ്ഥിതിയും വരേണ്യതാബോധവും ശക്തമായിരുന്ന കേരള സമൂഹത്തിൽ സമുദായകലയായി, സവിശേഷ സാമ്പത്തിക-സ്ഥല പരിസരങ്ങളിൽ സംരക്ഷിക്കപ്പെട്ടുപോന്ന ഒരു രംഗകലയാണ് മതേതരമായ പൊതുവേദിയിലേയ്ക്ക് നവോത്ഥാന ആധുനികതയോടെ പ്രവേശിക്കുന്നത്. എന്നാൽ തുടർന്നു ലഭിച്ച വേദികളും ലോകശ്രദ്ധയും കൂടിയാട്ടത്തെ ലോകരംഗവേദീ പഠനങ്ങളുടെതന്നെ താത്ത്വികവും ഭൗതികവുമായ നിരീക്ഷണത്തിന് വിധേയമാക്കി. ഇത്തരത്തിൽ, സാങ്കേതികതകൊണ്ടല്ലെങ്കിലും കലാപഠനത്തിന്റെ സ്വഭാവംകൊണ്ടും അവതരണങ്ങളിലെ വിവരണങ്ങളിലൂടെയും ശില്പശാലകളിലൂടെയും സോദാഹരണ ക്ലാസുകളിലൂടെയും പ്രകടനഭാഷയെ പരിചയപ്പെടുത്താൻ ശ്രമിച്ചുകൊണ്ടും ഇന്നത്തെ കലാപ്രവർത്തകർ കൂടിയാട്ടത്തിന്റെ സാമൂഹികതയിലും ജനപ്രിയതയിലും ശ്രദ്ധചെലുത്തുന്നു. പുതിയ അവതരണങ്ങളിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന സമകാലികതയുടെ സൂക്ഷ്മരാഷ്ട്രീയവും കലയുടെ ഭാവുകത്വത്തെയും സ്വീകാരത്തെയും നിർണയിക്കുന്ന ഘടകങ്ങളാണ്. അതുകൊണ്ടുതന്നെ കൂടിയാട്ടത്തിന്റെ ആധുനികീകരണം ഒരേ സമയം ആ കലയുടെ സാധ്യതകളിലേയ്ക്കുള്ള തുറവിയും ഒപ്പം കലയുടെ സത്ത തിരിച്ചറിഞ്ഞു നിലനിർത്താനുള്ള പ്രേരണയും ആയിത്തീർന്നു.

## അടിക്കുറിപ്പുകൾ

1. കോഴിക്കോട് ആകാശവാണിയ്ക്കുവേണ്ടി കേരളകവിയായ കുലശേഖരന്റെ 'സുഭദ്രാധനഞ്ജയം' ഒന്നാമങ്കമാണ് അവതരിപ്പിച്ചത്
2 പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും പൈങ്കുളവുമായി നടന്ന സൗഹൃദചർച്ച കളിൽ ക്ഷേത്രകലയായ കൂടിയാട്ടത്തിന്റെ പുറത്തുവരലെന്ന ചരിത്രപര വും നിർണായകവുമായ ഈ ചുവടുവയ്പ്പ് വിഷയമായിട്ടുള്ളതായി കേട്ടറിവ്

## 2. ഗ്രന്ഥസൂചി

1 അപ്പുക്കുട്ടൻ നായർ.ഡി, 1996 (73), ആമുഖോപന്യാസം, നാട്യകല്പദ്രുമം, കേരള കലാമണ്ഡലം, ചെറുതുരുത്തി.
2 കൃഷ്ണപിള്ള.എൻ, 1998 (58), കൈരളിയുടെ കഥ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3 നാരായണ പിഷാരോടി, കെ.പി, 2002 (89) ,കലാലോകം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4 മധു മാർഗി, 2005 , എന്റെ ചിട്ടപ്പെടുത്തലുകൾ, കുടിയാട്ടത്തിന്റെ പുതിയ മുഖം, ഇൻറർനാഷണൽ സെന്റർ ഫോർ കൂടിയാട്ടം, തൃപ്പൂണിത്തുറ.
5 വേണുജി, 2005, അരങ്ങിന്റെ പൊരുൾതേടി, നടനകൈരളി ,തൃശ്ശൂർ.
6 Poulose, K. G,1998, Introduction to kutiyattam, SSUS, Kalady.